കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ-
ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-
മാലിന്യങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് നൽകുന്ന നിരക്ക് കിലോഗ്രാമിന് 5 രൂപ
എന്നതിൽ നിന്നും 10 രൂപ നിരക്കിലേയ്ക്ക് വർദ്ധിപ്പിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

സ.ഉ.(സാധാ)നം.117/16/തസ്വഭവ

തിരുവനന്തപുരം, തീയതി 04.03.2016

പരാമർശം - (1) സ.ഉ.(സാധാ)നം.2612/2014/തസ്വഭവ തീയതി 10/10/2014.

(2) 17/11/2015-ലെ മാനേജിംഗ് ഡയറക്ടർ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ 24/CKCL/2015 നമ്പർ കത്ത്

(3) 28/01/2016-ലെ മീറ്റിംഗിന്റെ മിനിട്ട്സ്

ഉത്തരവ്

സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ- ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ, 2011-ലെ ഇ-വേസ്റ്റ് മാനേജ്മെന്റ് & ഹാൻഡ്ലിംങ് റൂൾസിലെ വ്യവസ്ഥകൾക്കനുസൃതമായി ശാസ്ത്രീയമായ പുനഃചംക്രമണത്തിനും തുടർന്നുള്ള സംസ്കരണത്തിനും വേണ്ടി കിലോഗ്രാമിന് 5 രൂപ നിരക്കിൽ ക്ലീൻകേരള കമ്പനിയെ ഏല്പിക്കുവാൻ പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതുപ്രകാരം 130 ടൺ ഇ-മാലിന്യങ്ങൾ കമ്പനി ശേഖരിച്ച് ശാസ്ത്രീയമായി പ്രോസസ്സ് ചെയ്തിട്ടുണ്ടെന്നും പുതുതായി ടെണ്ടറുകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ M/s എർത്ത് സെൻസ് റിസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത് കരാർവച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും പുതിയ കരാർ നിരക്കുകളുടെ അടിസ്ഥാനത്തിൽ ഇ-മാലിന്യങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക്/ വ്യക്തികൾക്ക് നൽകുന്ന നിരക്ക് കിലോഗ്രാമിന് 5 രൂപ എന്നതിൽ നിന്നും 10 രൂപ നിരക്കിലേയ്ക്ക് ഉയർത്തണമെന്ന് പരാമർശം (2) പ്രകാരം ക്ലീൻകേരള കമ്പനി മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് . ക്ലീൻകേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ-ഇതര സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഈ-മാലിന്യങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്ക് /വ്യക്തികൾക്ക് നൽകുന്ന നിരക്ക് കിലോഗ്രാമിന് 5 രൂപ എന്നതിൽ നിന്നും 10 രൂപ നിരക്കിലേയ്ക്ക് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**ടി.ജെ.ഉണ്ണികൃഷ്ണൻ**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ വകുപ്പധ്യക്ഷൻമാർക്കും
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ്/ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം/വൊക്കേഷണൽ ഹയർ സെക്കൻണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/(എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**<u>കീഴെഴുത്ത് നമ്പർ :E5/14817/17 dated 22/05/17</u>**

അറിവിലേയ്ക്കും തുടർനടപടികൾക്കുമായി.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്